# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ്പദ്ധതി
# സോഷ്യൽ ഓഡിറ്റ്പ്പോർട്ട്

**പാലക്കാട്ജില്ല**

**ആലത്തൂർബ്ലോക്ക്**

**ആലത്തൂർ  പഞ്ചായത്ത്**

**സോഷ്യൽ ഓഡിറ്റ് പീരീഡ് 11.10. 19 to 26.10.2019**


റിപ്പോർട്ട്തയ്യാറാക്കിയത്

ശരത് രാജ്

ശ്രീദിവ്യ

ദിവ്യ വിനോദ്കുമാർ

അനിത

ആതിര. M

ആലത്തൂർ വില്ലേജ് റിസോഴ്സ് പേഴ്സൺ

വാർഡ്  8  ആലത്തൂർ

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം


# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

## 2018-19



| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | 1 |
| 2 | **ഉള്ളടക്കം** | 2 |
| 3 | ഭൂപടം | 3 |
| 4 | ആമുഖം | 5 |
| 5 | രീതിശാസ്ത്രം | 6 |
| 6 | പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ | 7 |
| 7 | വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം | 7 |
| u8 | തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം | 7 |
| 9 | ഓഡിറ്റ് നു വിധേയമാക്കിയ  പ്രവൃത്തികളുടെ ലിസ്റ്റ് | 8 |
| 10 | അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ | 9 |
| 11 | ഫയൽപരിശോധന | 12 |
| 12 | 7രജിസ്റ്റർ പരിശോധന | 12 |
| 13 | പ്രവർത്തി ഫയലിലെ 22 രേഖകൾ | 14 |
| 14 | പ്രവർത്തികളുടെപരിശോധനവിവരണം | 20 |
| 15 | CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് | 23 |
| 16 | റോസ്റ്റർദിനം | 24 |
| 17 | വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി | 24 |
| 18 | ഗ്രാമസഭ തീരുമാനങ്ങള് | 24 |

| | | |
|---|---|---|
| 18 | ഉപസംഗ്രഹം | 27 |
| 19 | അനുബന്ധം- തൊഴിലുറപ്പ് പദ്ധതിയില് ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികള് | 28 |
| 20 | അനുബന്ധം2 വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതല | 29 |


## ഭൂപടം



വാർഡ് മാപ്: പരെിങ്കുളം



N
8. PERINKULAM
പച്ചക്കറി കൃഷി
തീറ്റപ്പുൽ കൃഷി
തൈ വെച്ചുപിടിപ്പിക്കൽ
കിണർ നിർമ്മാണം
കുളം നിർമാണം
റോഡ്
തോട്
കനാൽ
കാലി തൊഴുത്ത്നിർമ്മാണം
നടപ്പാത നിർമ്മാണം
ആട്ടിൻകൂട് നിർമ്മാണം
പെർക്കുലേഷൻ പിറ്റ്
കോഴിക്കൂട് നിർമ്മാണം
കിണർ സൈഡ് കെട്ടൽ
ശൗചാലയം നിർമ്മാണം
മണ്ണ് ജല-ജൈവ-സംരക്ഷണ പ്രവർത്തികൾ
കളിസ്ഥലം നിർമ്മാണം

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

### സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- Yഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് സോഷ്യൽ കണ്ടെത്താൻ കഴിയുന്നുസംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനപങ്കാളിത്തത്തആണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, വേദി എന്നിവ നിശ്ചയിച്ച 5 ദിവസം മുമ്പ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം പദ്ധതി ആസൂത്രണ്ണം. നിർവഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 31 1 2017 നിലവിൽവന്നു

## 1.രീതിശാസ്ത്രം

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പെർസൺ പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

1. **ഓഡിറ്റ് പ്ലാൻ**

   1.1 ഓഡിറ്റ് പ്ലാൻ തയ്യാറാക്കൽ

   1.2 ഓഫീസ് സന്ദർശന പരിപാടികൾ

2. **അഭിമുഖം**

   2.1 ബിഡിഒ, പഞ്ചായത്ത് പ്രസിഡൻറ്, ജനപ്രതിനിധികൾ, സെക്രട്ടറി & സ്റ്റാഫ്

   2.2 മേറ്റ്, തൊഴിലാളികൾ, കർഷകർ, തൊഴിലിന് പോകാത്ത തൊഴിൽ കാർഡ് ഉടമകൾ

3. **ഫയൽ പരിശോധന**

   3.1 പൊതു പ്രവർത്തികൾ, വ്യക്തിഗത പ്രവർത്തികൾ

   3.2 രേഖകളുടെ ഉള്ളടക്കം - സുതാര്യത, പരിപൂർണ്ണത

4. **ഫീൽഡ് സന്ദർശനം, നിരീക്ഷണം**

   4.1 പൂർത്തിയായ തൊഴിലിടം, നടന്നുകൊണ്ടിരിക്കുന്ന തൊഴിലിടം

5. **റഫറൻസ്**

   5.1 വികസനരേഖ, വാർഷിക പദ്ധതി രേഖ, എംഐഎസ്, രജിസ്റ്ററുകൾ

6. **വിവരങ്ങളുടെ ക്രോഡീകരണം**

   6.1 ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച

7. **കരട് റിപ്പോർട്ട് തയ്യാറാക്കൽ**

## 2.പഞ്ചായത്ത്**അടിസ്ഥാനവിവരങ്ങൾ**

| | | |
|---|---|---|
| 1 | ജില്ല | പാലക്കാട് |
| 2 | ബ്ലോക്ക് | ആലത്തൂർ |
| 3 | അതിരുകൾ | |
| | കിഴക്ക് | എരിമായൂർ പഞ്ചായത്ത് |
| | പടിഞ്ഞാറ് | കാവശ്ശേരി പഞ്ചായത്ത് |
| | തെക്ക് | വടക്കഞ്ചേരി മേലാർകോട് പഞ്ചായത്തുകൾ |
| | വടക്ക് | കുത്തന്നൂർ പഞ്ചായത്തുകള് |
| 4 | വിസ്തീർണം | 19.62 ച.km |
| 5 | വാർഡ്കളുടെഎണ്ണം | 16 |
| 6 | ജനസംഖ്യ | 24796 |
| 7 | സ്ത്രീകള് | 13030 |
| 8 | പുരുഷന്മാര് | 11766 |
| 9 | പട്ടികജാതി ജനസംഖ്യ | 2785 |
| 10 | പട്ടിക വര്ഗ ജനസംഖ്യ | |
| 11 | സാക്ഷരത | 92% |

## **3.വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം**

| | | |
|---|---|---|
| 1 | അതിരുകൾ | |
| 1.1 | വടക്ക് | ഗാന്ധി ജംക്ഷൻ, തൃപ്പാളൂർ വാർഡുകൾ |
| 1.2 | തെക്ക് | തെക്കുമുറി വാർഡ് |
| 1.3 | കിഴക്ക് | പുതിയങ്കം വാർഡ് |
| 1.4 | പടിഞ്ഞാറ് | കാട്ടുശ്ശേരി വാർഡ് |
| 2 | വിസ്തീർണ്ണം | |

| | | |
|---|---|---|
| 3 | ജനസംഖ്യ | 2000 |
| 3.3 | എസ്സി കുടുംബങ്ങള് എണ്ണം | 11 |
| 4 | വീടുകളുടെ എണ്ണം | 450 |

## 4.തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം

| | **അടിസ്ഥാന വിവരം** | ആലത്തൂർ | വാർഡ് 8 |
|---|---|---|---|
| 1 | Total No. of Job Cards issued | 3831 | |
| 2 | Total No. of Active Job Cards | 1950 | 66 |
| 3 | Total no. of SC Job cards | 490 | |
| 4 | Persondays Generated so far | 79117 | 3902 |
| 5 | Total No of HHs completed 100 Days of Wage Employment | 133 | 15 |
| | Total Expenditure | 2.3285cr | **243760** |

## 5.ഓഡിറ്റ്നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വർക്ക് ഐ,ഡി | കാലയളവ് | ചിലവ | പ്രവൃത്തി ദിനങ്ങൾ |
|---|---|---|---|---|---|
| **1** | **വെള്ളഓടെ പാവംടീ പാടശേഖരം കൃഷ്ണൻ കുട്ടി എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം.** | **IF/363447** | **26/10/2018 to 01/11/2018** | 11482 | 34 |
| **2** | **വെള്ളഓടെ പാവംടീ പാടശേഖരം ശിവരാമൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF / 363442** | 2/11/2018 **to** 8/11/2018 | 11400 | 36 |
| **3** | **വെള്ളഓടെ പാവംടീ പാടശേഖരം വീ. അച്യുതൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF/ 356765** | 12/11/2018**TO 18/11/2018** | 10025 | 31 |
| **4** | **തൊഴിൽ ഉറപ്പ് പദ്ധതി ഉടെ ഭാഗം മായി മലിക 8/35എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല** | **IF/ 313680** | **07/03/2019 TO** | 4875 | **15** |

| | | | | | |
|---|---|---|---|---|---|
| | സംരക്ഷണം. | | 13/03/2019 | | |
| 5 | വെള്ളഓടെ പാവംടീ പാടശേഖരം കമലം എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/ 363430 | 26/10/2018 to 01/11/2018 | 9200 | 28 |
| 6 | വെള്ളഓടെ പാവംടീ പാടശേഖരം ശകുദള എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/ 363432 | 02/11 / 2018 TO 08/11/ 2018 | 10025 | 31 |
| 7 | വെള്ളഓടെ പാവംടീ പാടശേഖരം സുധരൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/356766 | 12/11/2018 To 18/11/2018 | 8650 | 26 |
| 8 | വെള്ളഓടെ പാവംടീ പാടശേഖരം സുനിത. ർ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/363431 | 26/10/2018 To 01/11/2018 | 10850 | 34 |
| 9 | സൂര്യഅപ്പൻ കുളം മുതൽ നരിയാൻ പറമ്പേ തോടിൽ ബ്രഷ് വുഡ് തടയണ നിർമാണം. | IC/212784 | 20/12/18 To 23/13/18 | 119135 | 421 |
| 10 | വെള്ളഓടെ പാവംടീ പാടശേഖരം മൈക്ഇൽ രാജ് എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF / 363428 | 26/10/2018 To 1/11/2018 | 10850 | 34 |
| 11 | വെള്ളഓടെ പാവംടീ പാടശേഖരം രാജു എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/ 363425 | 2/11/2018 To 8/11/2018 | 7550 | 22 |
| 12 | വെള്ളഓടെ പാവംടീ പാടശേഖരം സുബ്രാമണിയൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/ 363445 | 2/11/2018 To 8/11/2018 | 11125 | 35 |
| 13 | വെള്ളഓടെ പാവംടീ പാടശേഖരം ഓമന എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/364364 | 12/11/2018 To 18/11/2018 | 7825 | 23 |
| 14 | വെള്ളഓടെ പാവംടീ പാടശേഖരം ഓമന എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF / 364362 | 2/11/2018 To 8/11/2018 | 11400 | 33 |

# 6.അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.

1. സൗജന്യമായി തൊഴിൽകാർഡ് ലഭിക്കുവാൻഉള്ളഅവകാശം- ഷെഡ്യൂൾ 2; ഖണ്ഡിക 1-5, വാർഷിക മാസ്റ്റർ സർക്കുലർഅദ്ധ്യായം-3
2. അപേക്ഷിച്ച് 15ദിവസത്തിനുള്ളിൽതൊഴിൽലഭിക്കുവാനുള്ളഅവകാശവുംആയത്തിന്റെ കൈപ്പറ്റു റസീതു ലഭിക്കുന്നതിനുംഉള്ളഅവകാശം- ഷെഡ്യൂൾ 1; ഖണ്ഡിക 8,

ഷെഡ്യൂൾ 2; ഖണ്ഡിക 6-13

3. അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ളഅവകാശംആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ളദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ്പ്രോജക്ട്തയ്യാറാക്കുവാനുള്ളഅവകാശം
5. അഞ്ച്കിലോമീറ്ററിനുള്ളിൽതൊഴിൽലഭിക്കാനുള്ളഅവകാശംഅല്ലെങ്കിൽവേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ളഅവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷസൗകര്യംഇവലഭിക്കുന്നതിനുള്ളഅവകാശംഷെഡ്യൂൾ 2; ഖണ്ഡിക 23-28
7. 15 ദിവസത്തിനുള്ളിൽവേതനംലഭിക്കുന്നതിനുള്ളഅവകാശം
8. വേതനവിതരണത്തിലെകാലതാമസത്തിന് നഷ്ടപരിഹാരംലഭിക്കുവാനുള്ളള്ളഅവകാശം
9. സമയബന്ധിതമായുള്ളപരാതിപരിഹാരത്തിനുള്ളഅവകാശം
10. സോഷ്യൽഓഡിറ്റ്നടത്തുന്നതിനുള്ളഅവകാശം

സോഷ്യൽ ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു വെന്നും വിലയിരുത്തുന്നു

.അവകാശഅധിഷ്ഠിതമായ നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

<u>തൊഴിൽ കാർഡ് ലഭ്യമാകുന്നത് സംബന്ധിച്ചു</u>

- തൊഴിലുറപ്പു നിയമം ഷെഡ്യൂൾ 2 പാര 1 അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് കേന്ദ്ര സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്.

നിരീക്ഷണം

- . 2018-19 കാലയളവില് തൊഴില് കാര്ഡിന് അപേക്ഷിച എല്ലാവര്ക്കും തൊഴില് കാര്ഡ് ലഭ്യമാക്കിയിട്ടുണ്ട് . തൊഴിലാളികൾ സ്വന്തം ചെലവിലാണ് പുതിയ തൊഴിൽ കാർഡിൽ ഫോട്ടോ പതിച്ചത് എന്നും മനസിലാക്കാൻ സാധിച്ചു ഇതു അവകാശ ലംഘനമാണ്

**<u>തൊഴിൽ ആവശ്യ പെടുന്നത് സംബന്ധിച്ച</u>**

അപേക്ഷിച്ചു പതിനഞ്ചു ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിയ്ക്കുവാനുള്ള അവകാശം

നിരീക്ഷണം

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് ഫ്രെണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്കു രസിതും ലഭിക്കാറില്ല**

.തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

- തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിൽ ആവശ്യപെട്ടു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം.
- അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ള അവകാശം ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ളദിവസങ്ങളിൽ 1/2)

നിരീക്ഷണം

- 15 ദിവസത്തിനകത്തുതന്നെതൊഴിൽലഭിച്ചിരുന്നു 100 തൊഴിൽ ദിനങ്ങൾക്കുള്ള അവകാശമുണ്ടായിട്ടും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 60നും80നും ഇടയിലുള്ള തൊഴിൽ ദിനങ്ങൾ മാത്രമാണ് ഈ വാർഡിലെ തൊഴിലാളികൾക്ക് പ്രയോജനപെടുത്തിയിടൂളു

ജോലിസ്ഥലത്ത്,കുടിവെള്ളം,തണൽ,പ്രഥമശുശ്രൂഷകിറ്റുകൾ, എന്നിവലഭിക്കുന്നതിനുള്ള അവകാശം.

- തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് കുടിവെള്ളം,തണൽ ,പ്രഥമ ശുശ്രൂഷ കിറ്റ് ,കയ്യുറ കാലുറ എന്നിവ പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥാപനം വഴി സൗജന്യ മായി തൊഴിലാളികൾക്ക് ലഭികെണ്ടാതാണ്

നിരീക്ഷണം

- നിലവിൽ കുടിവെള്ളം ലഭ്യമായിട്ടുണ്ട് പ്രഥമശുശ്രൂഷയ്ക്കുള്ള കിറ്റ്,തണൽ,എന്നിവ കഴിഞ്ഞ 6 മാസത്തെ പ്രവർത്തികളില് ലഭ്യമായിട്ടില്ല എന്നാണ് ഫീൽഡ് വിസിറ്റ് ചെയ്യുന്ന സമയത്ത് തൊഴിലാളികളിൽ നിന്നും മേറ്റ് മാരിൽ നിന്നും മനസിലാക്കാൻ സാധിച്ചത്. കയുറകളും കാലുറകളും മതിയായ അളവിൽ ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ടിരുന്നു.

**പദ്ധതി ആരംഭ മീറ്റിംഗിൽ പങ്കെടുക്കുവാനുള്ള അവകാശം**

- തൊഴിൽ ഉറപ്പു നിയമം ഷെഡ്യൂൾ ഇരുപത്തി രണ്ടു പ്രകാരം ഒരു പദ്ധതി ആരംഭിക്കുന്നത് മുൻപ് പദ്ധതി സംബന്ധിച്ച മുഴുവൻ കാര്യങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യ പ്പെടുത്തുന്നതിന് ബന്ധപെട്ട നിർവഹണ ഉദ്യോഗസ്ഥന്റെയും ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സാനിധ്യത്തിൽ ഏതെന്കിലും പൊതു സ്ഥലത്തോ തൊഴിലിടങ്ങളിൽ വച്ച് പദ്ധതി ആരംഭ മീറ്റിംഗ് നടത്തേണ്ടതുണ്ട്.

നിരീക്ഷണം

- നിലവിൽ വാർഡിൽ പ്രവർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിങ് കൂടാറുണ്ട് എന്നാണ് തൊഴിലാളികളുമായുള്ള സംസാരത്തിലും സൈറ്റ് ഡയറി പരിശോധിച്ചപ്പോഴും മനസിലാക്കാൻ സാധിച്ചത്.

**തൊഴിലിടങ്ങളിൽ ഏതെന്കിലും തരത്തിൽ ഉള്ള അപകടം സംഭവിച്ചാൽ ചികിത്സ്യക്ക് ആവശ്യമയി വരുന്ന മുഴുവൻ ചിലവുകളും തൊഴിലാളിക്ക് ലഭ്യമാക്കണം**

നിരീക്ഷണം

അപകടം ഒന്നും സംഭവിച്ചിട്ടില്ല എന്നാണ് തൊഴിലാളികളു മായുള്ള ഗ്രൂപ്പ് ചർച്ചയിൽ നിന്ന് മനസിലാക്കാൻ സാധിച്ചത്.

**പരാതി പരിഹാരം**

- തൊഴിലുറപ്പ് നിയമ ഷെഡ്യൂൾ പത്തൊൻപതു പ്രകാരം സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം നിഷ്കർഷിക്കുന്നു.പദ്ധതിയുമായി ബന്ധപെട്ട പരാതികൾ ഫോൺ മുഖേന ടോൾ ഫ്രീ നമ്പർ ഉപയോഗിച്ചും രേഖാമൂലം എഴുതി നൽകിയും ഇ മെയിൽ വഴിയും സമർപ്പിക്കാവുന്നതാണ്...
- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമാക്കണം

നിരീക്ഷണം

- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമല്ല.
- ഫീല്ഡ് സന്ദര്ശന വളേയില് തൊഴിലാളികളും ആയുള്ള കൂടികാഴ്ചയില് നിലവില് ഓഫീസില് ചന്നെു പരാതി പറയാറുണ്ട് എന്നാണ്പറയുന്നത് എന്ആര്ആര്ജിഎസ് വിഭാഗത്തില് വരുന്ന പരാതികള് വിഎഎല്എആര്ഇ നല്ല രീതിയില് ഓരോ പരാതിക്കും ഓരോ പുതിയ ഫയലുകള് തുറക്കുകയും തുടര്നടപടികള് സ്വീകരിക്കുകയും ചയ്െതതായി കാണാന് കഴിഞ്ഞു വളരെ നല്ല പരാതിപരിഹാര സംവിധാനമാണ്. പക്ഷേ കഴിഞ്ഞ 6 മാസത്തില് 3 പരാതികള് രജിസ്റ്ററിൽ രഖേപ്പടുെത്തി കണ്ടു എന്നാല് അതുമായി ബന്ധപ്പട്ടെ ഫയലുകള് കാണാന് കഴിഞ്ഞില്ല.പരാതികള് താഴെ പറയുന്നവ
- മറേ്റ് മാരെ മാറ്റുന്നത്

- മറ്റുള്ള പരാതികൾ പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തകയും പരിഹാരം കാണുകയും ചെയിതിരിക്കുന്നു

**അഞ്ചുകിലോമീറ്റർചുറ്റളവിൽതൊഴിൽലഭിക്കുവാനുള്ളഅവകാശം(Schedule 2 Para 18 )**

- തൊഴിലാളിയുടെതാമസസ്ഥലത്തുനിന്ന്അഞ്ച്കിലോമീറ്റർചുറ്റളവിലല്ലതൊഴിൽലഭിക്കുന്നതെങ്കിൽവേതനത്തിന്റെ 10 ശതമാനംകൂടിഅധികവേതനംലഭിക്കുന്നതിനുള്ളഅവകാശം

നിരീക്ഷണം

- ഒരേവാർഡിൽതന്നെയുള്ളപണികളാണ് തൊഴിലാളികൾ ചെയ്തു വരുന്നത്

## സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം

- തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന മുഴുവ്ഴ്ൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നു വിധേയമാക്കണമെന്ന് സെക്ഷൻ 17(2) നിഷ്കർഷിക്കുന്നു
- നിയമം അനുശാസിക്കും പ്രകാരം ഉള്ള സോഷ്യൽ ഓഡിറ്റ് പ്രക്രിയ ഇതുവരെ നടന്നിട്ടില്ല.

## 9 . രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാറിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന ഏഴു രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷികേണ്ടാതാണ്

- AMC പ്രകാരമുള്ള 7 രജിസ്റ്ററുകൾഉണ്ടായിരുന്നു .

### 1. തൊഴിൽ കാർഡ് രജിസ്റ്റർ

- തൊഴിൽകാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ ആണ്തൊഴിൽകാർഡ് രജിസ്റ്റർ. 2018-19 കാലയളവിൽ പഞ്ചായത്തിൽ നിന്നും പുതിയ കാര്ഡുകള് 333 എണ്ണം അനുവദിച്ചിട്ടുണ്ട്. 561പേർക്കായാണ് കാർഡ് അനുവദിച്ചിരിക്കുന്നത്

### 2 ഗ്രാമസഭരജിസ്റ്റർ

- ഓഡിറ്റിനു വിധേയമാക്കിയ .8ആം വാർഡിലെ ഗ്രാമസഭരജിസ്റ്റർ പരിശോധിച്ചപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഗ്രാമസഭയിൽ ചർച്ച ചെയ്തു തീരുമാനിച്ചതായി കാണുവാൻ സാധിച്ചു

### 3 ഡിമാൻഡ്അലോക്കേഷൻ/വേതനരജിസ്റ്റർ

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് ഫ്രെണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് .**

### 4.വർക്ക് രജിസ്റ്റർ:

- പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- **2018 19 കാലയളവിൽ ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന മുഴുവൻ ഫയലുകളുടേയും വിവരങ്ങൾ വർക്ക് രജിസ്റ്ററിൽ ഉണ്ട് എം,ൈഎ.എസ് ൽ നിന്നും ഡൗൺലോഡ് ചെയ്തു സൂക്ഷിച്ചി**രിക്കുന്നു

**5 ആസ്തിരജിസ്റ്റർ: (**സ്ഥിര ആസ്തികളുടെ രജിസ്റ്റർ)

- 2019 ജനുവരി മാസം വരെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തികളുടെ പേരും വിവരങ്ങളും നല്ല രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്

**6 പരാതി രജിസ്റ്റർ:**

- പരാതികളൊന്നും കാണാൻ കഴിഞ്ഞില്ല.

**മെറ്റീരിയൽരജിസ്റ്റർ :**

- **മെറ്റീരിയൽരജിസ്റ്റർപരിശോധിച്ചതിൽ ഈ കാലയളവിൽ മെറ്റീരിയൽ ഉപയോഗിച്ച് വർക്കുകളൊന്നും ഉണ്ടായിരുന്നില്ല.**

## 9.2പ്രവൃത്തി ഫയലിലെ 22 രേഖകൾ

വാർഷിക മാസ്റ്റർ സർകുലർ പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെപറയുന്ന ഇരുപത്തിരണ്ടു രേഖകൾ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടാതാണ്

### 1.കവർപേജ്

- പരിശോധിച്ച14 ഫയലുകളിൽ വാർഷിക മാസ്റ്റർസർക്കുലർ പ്രകാരമുള്ള കവർപേജ്കാണാൻ സാധിച്ചു

### 2.ചെക്ക്ലിസ്റ്റ്

- വർക്ക്ഫയലിൽസൂക്ഷിച്ചിരിക്കുന്നവിവരങ്ങളുടെപട്ടികയും, അവയുടെപേജ്നമ്പറുംരേഖപ്പെടുത്തേണ്ടചെക്ക്ലിലിസ്റ്റ്ഫയലിൽസൂക്ഷിക്കേണ്ടതാണ്. പരിശോധിച 14 ഫയലുകളിൽ, നിയമ പ്രകാരം വേണ്ട 22 രേഖകൾ കു പകരം 18 എണ്ണം മാത്രമേ കാണാൻ സാധിച്ചുള്ളു.

### 3.ആക്ഷൻപ്ലാൻ

- ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ. കോപ്പി.ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തിതന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പിഉപകരിക്കുന്നു
- .പരിശോധിച്ച ഫയലുകളിൽ ഒന്നിൽ പോലും AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി കാണാൻ

സാധിച്ചില്ല.എന്നിരുന്നാലും തൊഴിലുറപ്പ് വിഭാഗം ഓഫീസിൽപഞ്ചായത്തിലെ മുഴുവൻ ആക്ഷൻ പ്ലാനും ബൈൻഡ് ചെയ്തു വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു

- ഇതിന്റെ ഒരു കോപ്പി ഫയലിൽ കൂടി സൂക്ഷികെണ്ടാതാണ്

## 4.എസ്റ്റിമേറ്റ്ഡിസൈൻആൻഡ്ഡ്രോയിങ്

- സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്. ഓരോ പ്രവർത്തിക്കും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നേട്ടങ്ങൾ വിശദീകരിക്കുന്ന സാങ്കേതിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതും സെക്വർ സോഫ്റ്റ് വെയറിലൂടെ ഓൺലൈനായി അനുമതികൾ ലഭ്യമാക്കേണ്ടതുമാണ്
  പരിശോധിച്ച ഫയലുകളില്ലാംഡീറ്റൈൽഡ്എസ്റ്റിമേറ്റ്ഉണ്ടായിരുന്നു.... ഒരുഫയലിലുംപ്രൊജക്റ്റ്റിപ്പോർട്ട് ഉണ്ടായിരിന്നു ,ജനകീയഎസ്റ്റിമേറ്റ് പ്രവര്ത്തികളുടെ ഡ്രോയിങ് എന്നിവ ഉണ്ടായിരുന്നില്ല

**5.ഭരണാനുമതി**

- ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതിപരിശോധിച്ച ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട്.

## 6.സാങ്കേതികാനുമതി

- പരിശോധിച്ച14ഫയലുകളിൽ സാങ്കേതികാനുമതി കവര്പ്പേജ്സെക്യൂറിൽ നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ്സീൽ തീയതി മുതലായവയും കാണാൻ സാധിച്ചു.

## 7.സംയോജിതപദ്ധതി(കൺവേർജൻസ്)

**പരിശോധിച്ച ഒരു ഫയൽലും കൺവേർജൻസ് ബാധകം അല്ല.**

**8.ഡിമാൻഡ്ഫോം**

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് ഫ്രെണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . പരാതി ഫ്രണ്ട് ഓഫീസ് വഴി നൽകി രസിത അപ്പോളെ ലഭ്യമാക്കുന്ന രീതിയിലേക്ക് മാറണം.**

  8 **വ ാർഡിൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികളുടെ ഡിമാൻഡ്കണ്ടെത്തിയെങ്കിലും 'ഓരോ പ്രവർത്തിയുടെയും ഡിമാൻഡ് അപ്ലിക്കേഷൻ അതാത് ഫയലിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം.**

**9.വർക്ക്അലോക്കേഷൻഫോം**

- തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക്അലോക്കേഷൻ ഫോം ഫയലില് കാണാന് സാധിച്ചു. പക്ഷെ ബദ്ധപട്ടെ ഉദ്യോഗസ്ഥന്നെ മാരുടെ പേരും, സീൽ കാണാൻ സാധിച്ചില്ല.

**10.ഇമസ്റ്റർ റോൾ**

- തൊഴിലാളികൾതൊഴിൽചെയ്യുന്നതീയതി, ദിവസംഉൾപ്പെടെഹാജർരേഖപ്പെടുത്തുന്നതിനുള്ളഅടിസ്ഥാനരേഖയാണ്ഇമസ്റ്റർ റോൾ.
  .ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽദിനങ്ങൾ, .കൂലിഎന്നിവരേഖപ്പെടുത്തിയിട്ടുണ്ട്

  **പരിശോധിച്ച 14വർക്ക് ഫയലുകളിലെ** മസ്റ്റർ റോളിൽതൊഴിലിന് ഹാജരാവുന്ന ദിവസം മുകളില് ഒപ്പ് രേഖപെടുതിയിരുന്നു മസ്റ്റർ റോളുകള് എല്ലാം പൂര്ണമായി പൂരിപ്പിച്ചതായ് കാണാന് കയിഞ്ഞു.

**11.മെഷർമെൻറ്പുസ്തകം (M Book)**

- എല്ലാഫയലുകളിലും M book ഉണ്ടായിരുന്നു.
- മെഷർമെൻറ്ബുക്കിൽ നമ്പർ പേജ്നമ്പർ ഇവരേഖപ്പെടുത്തിയിട്ടുണ്ട്
- . മസ്റ്റെർറോൾനമ്പർ , ഉണ്ട്.
- ബന്ധപ്പെട്ടഉദ്യോഗസ്ഥർഅതായത്ഓവർസിയർ, എൻജിനീയർഎന്നിവരുടെഒപ്പ്മെഷർമെന്റ് ബുക്കില് ഉണ്ടായിരുന്നു.

**12.മെറ്റീരിയൽലിസ്റ്റ്**

- മെറ്റീരിയൽരജിസ്റ്റർപരിശോധിച്ചതിൽകഴിഞ്ഞ 6 മാസത്തിൽ ഒരു പ്രവർത്തിയും മെറ്റീരിയൽ ഉപയോഗിച്ച് ചെയ്തിട്ടില്ല.

## 13.വേജ് ലിസ്റ്റ്

- തൊഴിലാളികൾഎത്രദിവസംജോലിചെയ്തുഎന്നതിന്അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ടതുകഅതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ചകൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാംകാണിച്ചുകൊണ്ട് പണം കൈമാറുന്നതയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്
- മസ്റ്റർറോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലുകളിലും കാണാൻ സാധിച്ചു.

## 14.മസ്റ്റർറോൾ /ഫയൽമാറ്റസ്ലിപ്പുകൾ

- ഒരുമസ്റ്റർറോൾഅവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണംഎന്ന്നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ക്വാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്നഎസ്റ്റിമേറ്റ്കാണിക്കുകയോചെയ്യുന്നത്നിയമവിരുദ്ധമാവുകയുംസെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക്ക് വിധേയമാവേണ്ടിവരുകയുംചെയ്യും.
- .14ഫയലുകളിലും ഫയൽട്രാക്കിംഗ്ഫോം അഥവാ മസ്റ്റർറോൾമൂവ്മെന്റ്സ്ലിപ്പ് ഫായലുകളില് ഉണ്ടായിരുന്നു.
- ആക്ഷൻ പ്ലാൻ യൂണിക് ഐഡി രേഖപെടുത്തിട്ടില്ല.

## 15. മെറ്റീരിയൽ വൗച്ചർ ബിൽ

- പരിശോധിച്ച ഫയലുകളിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തി ഉണ്ടായിരുന്നില്ല.

**16.ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)'**

- **പരിശോധിച്ച ഫയലുകളില് ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)' ഹാർഡ് കോപ്പി സൂക്ഷിച്ചിട്ടുണ്ട്**

**17. റോയൽറ്റി**

- പരിശോധന വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല

**18.ഫോട്ടോഗ്രാഫ്**

- പ്രവർത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിനടന്നുകൊണ്ടിരിക്കുമ്പോള്, പ്രവർത്തിപൂർത്തീകരിച്ചുകഴിയുമ്പോള് തുടങ്ങിയഓരോഘട്ടത്തിലെയുംഫോട്ടോകൾഫയലിൽസൂക്ഷിക്കണമെന്നു നിഷ്കർഷിച്ചിരിക്കുന്നു
- ഇത്തരത്തിലുള്ള ഒരു ഒരു ഫോട്ടോയും കാണാൻ സാധിച്ചില്ല.

19 **.ജിയോടാഗ്ഡ്ഫോട്ടോസ്**

- പ്രവർത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോയോടാഗ്ഡ്ഫോട്ടോസ്. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിൽ പോലും കാണാൻ സാധിച്ചില്ല.

**20പ്രവൃത്തിപൂർത്തീകരണസാക്ഷ്യപത്രം**

- പരിശോധിച്ച14ഫയലിൽ പ്രവ്ർത്തി പൂർത്തികരണ സാക്ഷ്യപത്രം കാണാൻ സാധിച്ചു .

**21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്**

- എഎംസി പ്രകാരമുള്ള സോഷ്യൽ ഒാഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

- സംസ്ഥാനസർക്കാരിന്റെനിർദ്ദേശപ്രകാരംവർക്ക്ഫയലിൽസൂക്ഷിക്കേണ്ട 22 മത്തെരേഖയാണ് സൈറ്റ് ഡയറി.
- **പരിശോധനയ്ക്ക് വിധേയമാക്കിയ 14 ഫയൽ ലു കളിൽ സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നു.**
- സൈറ്റ്ഡയറിയുടെ കവർപേജിൽ പ്രവർത്തിയെ കുറിച്ചുള്ള
- പ്രാഥമികവിവരങ്ങൾഏതൊരുവ്യക്തിക്കുംമനസ്സിലാക്കാൻപറ്റുന്നരീതിയിൽഉണ്ടാകേണ്ടതാണ്.പ്രവർത്തിആരംഭിക്കുന്നദിവസംപ്രവർത്തിഅവസാനതീയതിഎസ്റ്റിമേറ്റ്തുക,പ്രവൃത്തി ദിനങ്ങൾ ,എന്നിവ കവർപേജിൽ ഉണ്ടായിരുന്നു.
- പണിസ്ഥലത്തെസൌകര്യങ്ങളുടെലഭ്യതഅടങ്ങിയചെക്ക്ലിസ്റ്റ്പൂർണമായും പൂരിപ്പച്ചിരുന്നില്ല..
- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് പ്രോജക്ട്ഇനീഷ്യൽമീറ്റിങ്ങ്.ഒരുപ്രവൃത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിയെക്കുറിച്ചുള്ളവിവരങ്ങൾപങ്കുവയ്ക്കുന്നതുംഅതുപോലെഒരുപ്രവർത്തിഎങ്ങനെചെയ്യണമെന്ന്തൊഴിലാളികൾക്ക്കൃത്യമായഅവബോധംഉണ്ടാക്കിഎടുക്കുന്നതിനുംവാർഡ്മെമ്പർ, സ്റ്റാഫ് എന്നിവരുടെഅധ്യക്ഷതയിൽകൂടുന്നയോഗമാണ്പദ്ധതിആരംഭമീറ്റിങ്ങ്.പരിശോധിച്ച്ഫയലുകളിൽ 9എണ്ണത്തിന് *ഉള്ളസൈറ്റ്ഡയറിയിൽ*എല്ലാംമേൽപറഞ്ഞഅധികാരികളുടെ സാന്നിധ്യത്തിൽപദ്ധതിആരംഭമീറ്റിംങ്ങ്

നടത്തിയതായിബോധ്യപ്പെട്ടു.എന്നാല് അതില് ചിലതിൽ ആരും ഒപ്പ് രഖേപ്പടുത്തിയതായി കണ്ടില്ല. അതുപോലെ പണി ആയുധങ്ങളുടെ വാടക നല്കിയുട്ടണ്ടെങ്കിലും ഏതുതരം ആയുധം ഉപയോഗിച്ച് എന്നു രഖേ പ്പടുത്തിയിട്ടില്ല.

- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് വിജിലൻസ്ആൻഡ്മോണിറ്ററിങ കമ്മിറ്റി.വിജിലൻസ്ആൻഡ്മോണിറ്ററി കമ്മിറ്റി യുടെറിപ്പോർട്ട്ഉണ്ടായിരുന്നെങ്കിലുംഅഭിപ്രായങ്ങൾരേഖപ്പെടുത്തിയിട്ടുണ്ടയിരുന്നില്ല.ഓരോവാർഡിലെപ്രവർത്തനങ്ങളെനിരീക്ഷിക്കുന്നതിനുംകൂടുതൽമെച്ചപ്പെടുത്തുന്നതിനുമായികാര്യക്ഷമമായപ്രവർത്തിക്കേണ്ടവരുമാണ്വി.എം.സിയിൽഅംഗങ്ങൾആയിരിക്കേണ്ടത്.
- സൈറ്റ് ഡയറി മറ്റൊരു ഒരു ഭാഗമാണ് സന്ദർശകകുറിപ്പ്:
- പ്രവൃത്തിയുടെഓരോഘട്ടങ്ങളിലുള്ളപുരോഗതിവിലയിരുത്തുന്നതിനും, തൊഴിലാളികളുടെപ്രശ്നങ്ങൾമനസ്സിലാക്കുന്നതിനും, പദ്ധതിനിർവഹണഏജൻസിയുടെഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, VMC അംഗങ്ങൾഎന്നിവർപ്രവൃത്തിനടക്കുമ്പോൾസ്ഥലസന്ദർശനംനടത്തേണ്ടതാണ്. സൈറ്റ്ഡയറികളിൽ, സന്ദർശകരുടെപേരും,ഒപ്പും, രേഖപ്പെടുത്തിയിരുന്നെങ്കിലും, കുറിപ്പ്ഉണ്ടായിരുന്നില്ല.
- സൈറ്റ് ഡയറി യിൽ ഉണ്ടായിരികേണ്ട മറ്റൊരു പ്രധാനപെട്ട ഭാഗമാണ് തൊഴിലാളികളുടെസാക്ഷിപത്രം ,മസ്റ്റർറോളിൽഒപ്പുവെച്ചതൊഴിലാളികൾപ്രവൃത്തിചെയ്തു എന്നും,മേറ്റ്മേൽനോട്ടംവഹിച്ചുഎന്നുംതെളിയിക്കുന്നആധികാരികരേഖയാണ്സാക്ഷിപത്രംപരിശോധിച്ച്ഫയലുകളിൽഉള്ളസൈറ്റ്ഡയറിയിൽഎല്ലാംതൊഴിലാളികൾസാക്ഷ്യപ്പെടുത്തിയിരുന്നു.
  നിരീക്ഷണം :സൈറ്റ് ഡയറിയിൽ VMC അംഗങ്ങളായി 2 പേരുടെ ഒപ്പുമാത്രമാണ് കാണാനായത്. കുറിപ്പ് കാണാനായില്ല.

## 14.പ്രവർത്തികളുടെപരിശോധനവിവരണം

**1.**പ്രവൃത്തിയുടെ പരേ് വളെളട പാവൊടീ പാടശഖേരം കൃഷ്ണ**ൻ** കുട്ടി എന്നിവരുടെ ഭൂമിയി**ൽ** മണ്ണ് ജല സംരക്ഷണം. **IF / 363447**

**എസ്റ്റിമറേ് തുക** **12000**

ചിലവായ തുക 10850

പ്രവർത്തി ആരംഭിച്ച തീയതി 26/10/2018

പൂർത്തീകരിച്ച തീയതി 01/11/2018

തൊഴിൽ ദിനങ്ങൾ **34**

**M.book മേഷർമ്ന്റ് : 840 metre square, 57.00metre cube**

പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ കാണാൻ സാദിച്ചതെ തോട് കെട്ടാൻ വേണ്ടി മണ്ണ് എടുത്തത് അവരുടെ വീട്ടിൽ നിക്ഷേപിച്ചിരിക്കുന്നു . അതുകൊണ്ട് ഉടക്കിയോ ഏരിയ കളും , മഴ കുഴി കളും നശിച്ചു പോയിരികുന്നു. പ്രവർത്തിയുടെ ഭാഗമായി 8 കുഴി നീർമിച്ച തായി മേറ്റ് പറഞ്ഞു . 4 മഴ കുഴി എടുത്തതിൽ എല്ലാം വായ വെച്ചിട്ടുണ്ട്. ഏരിയ എടുത്തത് പൂർണമായും കാണാൻ സാധിച്ചില്ല, എന്നാലും പ്രവർത്തി യുടെ ഭാഗമായി ചെയ്യ വേണ്ട, പയർ , മഞ്ഞൾ എന്നിവ ഭൂമിയിൽ കാണാൻ സാധിച്ചു.

**2.പ്രവൃത്തിയുടെ പേര്** **വെള്ളട പാവൊടീ പാടശേഖരം ശിവരാമൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം If 363442**

**എസ്റ്റിമേറ്റ് തുക** **12000**

ചിലവായ തുക 11400

പ്രവർത്തി ആരംഭിച്ച തീയതി . 2/11/2018

പൂർത്തീകരിച്ച തീയതി 8/11/2018

തൊഴിൽ ദിനങ്ങൾ **36**

**Mbook മേഷർമ്ന്റ് : 900 metre square, 58.35 metre cube**

മേൽ പറഞ പ്രവർത്തി ഫീൽഡിൽ സന്ദർശിച്ചപ്പോൾ കാണാൻ സാധിച്ചതെ 1 വേസ്റ്റ് കുഴി നീർമിച്ചതായി യാണ് , കുഴികൾ എല്ലാം മുടി പോയിട്ടുണ്ട്. പ്രളയം മൂലം നാശം സംഭവിച്ചു എന്നതായിരുന്നു ഉടമ പറഞ്ഞത്, ഏരിയ എടുത്തതിൽ എല്ലാം മഞ്ഞൾ, പയർ, ചേമ്പ് , ചേന എന്നിവ ഇപ്പോഴും നീൽകുനു. മഴ കുഴി നീർമിച്ചതെലം പ്രളയത്തിൽ നാശം സംഭവിച്ചിടുണ്ട്. 2 മഴ കുഴിയും , വേറെ കുഴികൾ എടുത്തതിൽ വാഴ വെച്ചിട്ടുണ്ട്.

**3.പ്രവൃത്തിയുടെ പേര് : വെള്ളട പാവൊടീ പാടാശേഖരം വീ അച്യുതൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF/ 356765**

**എസ്റ്റിമേറ്റ് തുക** **12000**

ചിലവായ തുക 10025

പ്രവർത്തി ആരംഭിച്ച തീയതി 12/11/2018

പൂർത്തീകരിച്ച തീയതി 18/11/2018

തൊഴിൽ ദിനങ്ങൾ **31**

**Mbook മേഷർഴ്സ് :** **900 metre square, 42.00metre cube**

**ഈ പ്രവർത്തി** സന്ദർശിച്ചപ്പോൾ അവിടെ കൃത്യ മായി നീർമികപെട്ട ഏരിയ കളും , കുഴികളും കാണാൻ സാധിച്ചു. വളെരെ വലിയ ഭൂമി യാണ് ഉടമ കുള്ളതെ , 4 ഏരിയ കൾ നീർമിച്ചിടുണ്ട് ഇതിൽ ഒന്നിൽ കുർകാ, പിന്നെ ഒന്നിൽ ചേന, ചേമ്പ് , വെണ്ടയ്ക്ക എന്നിവ കണ്ടു. 4 വാഴ കുഴികളിൽ വാഴ വെച്ചിട്ടുണ്ട്, 3 മഴ കുഴിയും 1വേസ്റ്റ് കുഴി യും മുടി പോയിട്ടുണ്ട്.

**4.പ്രവൃത്തിയുടെ പേര്** **തൊഴിൽഉറപ്പ് പദ്ധതിയിൽ ഉള്ള മലിക 8/35 എന്നിവരുടെ ഭൂമിയിൽ ജല സംരക്ഷണം**

**എസ്റ്റിമേറ്റ് തുക** **5000**

ചിലവായ തുക 4875

പ്രവർത്തി ആരംഭിച്ച തീയതി 07/3/2019

പൂർത്തീകരിച്ച തീയതി 13/3/2019

തൊഴിൽ ദിനങ്ങൾ **15**

**Mbook മെഷേര്ഴ്സ് : 27.50 metre cube**

**ഇവരുടെ ഭൂമി പ്രവർത്തിയുടെ ഭാഗമായി സന്ദർശനം നടത്തിയപ്പോൾ ഏരിയ കളും കുഴികളും നീർമിച്ചു എന്ന് മേറ്റ് പറഞ്ഞു. പക്ഷെ അവിടെ 6 മഴ കുഴി ഒന്നും കാണാൻ സാധിച്ചില്ല. പ്രവർത്തിയുടെ ഭാഗമായി കുഴി നീർമിച്ചതിൽ വാഴ വെച്ചിരിക്കുന്നു. വേസ്റ്റ് മുടുവനായി നീർമികപെട്ട വേസ്റ്റ് കുഴി എലാം തന്നെ മുടി പോയിരിക്കുന്നു.**

**5 പ്രവർത്തിയുടെ പേര്** **വെള്ളട പാവൊടീ പാടാശേഖരം കമലം IF 363430 എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം.**

**എസ്റ്റിമേറ്റ് തുക** **12000**

ചിലവായ തുക 9200

പ്രവർത്തി ആരംഭിച്ച തീയതി 26/102018

പൂർത്തീകരിച്ച തീയതി 01/11/2018

തൊഴിൽ ദിനങ്ങൾ **28**

**M. Book measures** **640 metre square , 48.00 metre cube**

മേൽ പറഞ്ഞ പ്രവർത്തിയുടെ ഫീൽഡ് സന്ദർശിച്ചപോൾ 4 കുഴി നീർമിച്ചു കൊടുത്തു എന്ന് മേറ്റ് പറഞ്ഞു. അതിൽ 2 കുഴിയിൽ വായ നിൽകുനു ണ്ട്.മറ്റേ രണ്ടു കുഴി മഴ കുഴിആണ് അത് കൃത്യമായ അളവിൽ നിർമിച്ചിടുണ്ട് 1 ½ cm നീളവും , വീതിയും ഉണ്ട്. 4 ഏരിയ കളിൽ വെണ്ടയ്ക്ക, പയർ, പച്ചമുളക്, ചേമ്പ് എന്നിവ

വച്ചിട്ടുണ്ട്.

**6 പ്രവൃത്തിയുടെ പേര്** **വെള്ളട** പാവടീ പാടശേഖരം ശകുന്തല IF/ 363432 എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം.

എസ്റ്റിമേറ്റ് തുക **12000**

ചിലവായ തുക ... 10025

പ്രവർത്തി ആരംഭിച്ച തീയതി 2/11/18

പൂർത്തീകരിച്ച തീയതി 08/11/18

തൊഴിൽ ദിനങ്ങൾ **31**

**M.book മേഷർമ്സ് : 600 metre square, 55.00 metre cube**

ഈ ഫീൽഡ് സന്ദർശനം നടത്തിയപ്പോൾ കാണാൻ സാദിച്ചതെ പ്രവർത്തിയുടെ ഭാഗമായി വീട് ഉടമകെ ജൈവ വേലി നിർമിച്ചു കൊടുത്തു, പക്ഷെ കോൺക്രീറ്റ് വർക്ക് ചെയ്തപ്പോൾ വേലി മുഴുവനും നശിച്ചു. ഏരിയ എടുത്തതിൽ വാഴ, ചേമ്പ്, പയർ , വെണ്ടയ്ക്ക എന്നിവ കാണാൻ സാധിച്ചു.

**7.പ്രവൃത്തിയുടെ പേര്** **വെള്ളട** പാവടീ പാടശേഖരം സുന്ദരൻ IF/ 356766 എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം.

എസ്റ്റിമേറ്റ് തുക **12000**

ചിലവായ തുക 8650

പ്രവർത്തി ആരംഭിച്ച തീയതി 12/11/18

പൂർത്തീകരിച്ച തീയതി 18/11/2018

തൊഴിൽ ദിനങ്ങൾ **26**

**Mbook മേഷർമ്സ് : 400 metre square, 53 metre cube**

മേൽ പറഞ്ഞ പ്രവർത്തി സന്ദർശനം നടത്തിയപ്പോൾ ഫീൽഡിൽ ഏരിയ കളും കുഴികളും കണ്ടു. കാണാൻ സാധിച്ച കുഴിൽ വഴ വെച്ചിരിക്കുന്നു. മറ്റു കുഴികൾ ഒന്ന് വേസ്റ്റ് കുഴി യും , മഴ കുഴി യും ആണ്. മഴ കുഴി പൂർണമായും നശിച്ചു, വേസ്റ്റ് കുഴിയിൽ ചപ്പ് കുടി നിറഞ്ഞ കിടക്കുന്നത്തായി കാണാൻ സാധിച്ചു.

**8.പ്രവൃത്തിയുടെ പേര്** **വെള്ളട** പാവടീ പാടശേഖരം സുനിത . ർ IF 363431 എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം.

എസ്റ്റിമേറ്റ് തുക **12000**

ചിലവായ തുക 10850

പ്രവർത്തി ആരംഭിച്ച തീയതി 26/10/2018

പൂർത്തീകരിച്ച തീയതി 01/11/2018

തൊഴിൽ ദിനങ്ങൾ **34**

**Mbook മേഷർഴ്സ് : 840 metre square, 57.00 metre cube**

സന്ദർശനം നടത്തിയപ്പോൾ കാണാൻ സാധിച്ചത് തെങ്ങിൻ തടം ഏരി എടുക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ചെയ്യിട്ടുള്ളത്. എരിയിൽ പയർ, ചേമ്പ്, ചേന എന്നിവ കാണാൻ സാധിച്ചു. 3 മഴ കുഴി കാണാൻ കഴിഞ്ഞു.

**9.**പ്രവൃത്തിയുടെ പേര് **സൂര്യഅപ്പൻ കുളം മുതൽ നരിയമം പറമ്പേ വരെ തൊട്ട് ബ്രഷ് വുഡ് തടയണ നിർമാണം . IC/212784**

**എസ്റ്റിമേറ്റ് തുക 125000**

ചിലവായ തുക 119135

പ്രവർത്തി ആരംഭിച്ച തീയതി **20/12/18**

പൂർത്തീകരിച്ച തീയതി 23/12/18

തൊഴിൽ ദിനങ്ങൾ **421**

**Mbook മഷേര്ഴ്സ് : 6369 metre square, 4.55/metre square, 2389.50 metre square, 35.77/metre square**

**ഈ പ്രവർത്തി സന്ദർശിച്ചപോൾ തടയണ ഒന്നും കാണാൻ സാധിച്ചില്ല, കൃത്യമായി തടയണ നീമിച്ചതായി മേറ്റ് പറഞ്ഞു. തടയണ നീർമിച്ചത് മണൽ ചാകി ലാക്കി ഓരോ തടി സപ്പോർട്ട് ആയി വച്ചആണ് എന്നും അത് കൃത്യ മായി തള്ളിപ്പോയ ഭാഗം പുനസ്ഥാപിക്കാൻ സാധിച്ചു പക്ഷെ അത് അളന്നു നോക്കാൻ പറ്റിയില്ല, എല്ലാ ഇടതും കാട പിടച്ച കിടക്കുന്നു.**

**10** പ്രവ**ർ**ത്തിയുടെ പേര് **വെളളട** പാവടീ പാടശഖേരം **മൈകിൽ രാജ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം If 363428**

**എസ്റ്റിമേറ്റ് തുക 12000**

ചിലവായ തുക 10850

പ്രവർത്തി ആരംഭിച്ച തീയതി 26/10/18

പൂർത്തീകരിച്ച തീയതി 1/11/2018

തൊഴിൽ ദിനങ്ങൾ **34**

**M. Book measures 840 metre square @ 4.55/metre square, 57 metre cube@ 105.69/metre cube**

**ഈ ഭൂമിയിൽ ഫീൽഡ് വിസിറ്റ് ചെയ്യപ്പോൾ എല്ലാ പ്രവർത്തികളും തീർച്ചും നല്ല രീതിയിൽ നടന്നത്ആയി കാണാൻ സാധിച്ചു. ഏരിയ കളിൽ പച്ചമുളക് , വെണ്ടയ്ക്ക, വായുതിനിങ്ങ, പയർ, ചേന, ചേമ്പ് എന്നിവയും കുഴിയിൽ വാഴ യും നീർമികാപെട്ടിടുണ്ട്. മഴ കുഴി തീർത്തും മുടി പോയതായി കണ്ടു. ഇവരുടെ ഭൂമിയിൽ കുവാ, കൂർകാ എന്നിവയും പ്രവർത്തിയുടെ ഭാഗമായി കൃഷിചെയ്യിട്ടുണ്ട്.**

**11.**പ്രവൃത്തിയുടെ പേര് : **വെളളട** പാവടീ പാടശേഖരം **രാജു എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF/ 363425**

**എസ്റ്റിമേറ്റ് തുക 12000**

ചിലവായ തുക 7550

പ്രവർത്തി ആരംഭിച്ച തീയതി 2/11/18

പൂർത്തീകരിച്ച തീയതി 8/11/18

തൊഴിൽ ദിനങ്ങൾ **22**

**M.book മേഷർമ്സ് : 900metre square@ 4.55/metre square , 20.80metre cube @ 105.69metre cube**

ഈ പ്രവർത്തി വിസിറ്റ് ചെയ്യപ്പോൾ ഏരിയ കളിൽ പയർ, വായുതിനങ്ങ, വെണ്ടയ്ക്ക എന്നിവയും, ഒരു മഴ കുഴിയിൽ കൃത്യ മായി കാണാൻ സാധിച്ചു. തികച്ചും 3 കുഴികൾ ആണ് പ്രവർത്തി പ്രകാരം . ഉണ്ടാക്കിയതിൽ രണ്ടു എണ്ണം വേസ്റ്റ് കുഴികളാണ്

**12.പ്രവൃത്തിയുടെ പേര് വെള്ളട പാവൊടീ പാടശേഖരം സുബ്രമാന്യൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം If 363445**

**എസ്റ്റിമേറ്റ് തുക 12000**

ചിലവായ തുക 11125

പ്രവർത്തി ആരംഭിച്ച തീയതി 2/11/18
പൂർത്തീകരിച്ച തീയതി 8/11/18

തൊഴിൽ ദിനങ്ങൾ **35**

**Mbook മേഷർമ്സ് : 900 metre square,@ 4.55/metre cube, 57.00metre cube@ 605.69metre cube**

പ്രവർത്തന ഭാഗ.മായി ഈ ഭൂമിയിൽ 5 മഴകുഴി നീർമിച്ചിട്ടുള്ളതായറിഞ്ഞു . പക്ഷെ പ്രളയം മൂലം മഴ കുഴി ഒന്നും കാണാൻ സാധിച്ചില്ല. കുഴി നീർമിച്ചത്തിൽ വാഴയും, മറ്റഒന്നിൽ വേസ്റ്റഉം മുടിയാതായി കണ്ടു. ഏരിയ കളിൽ എല്ലാം തക്കാളി, ചേമ്പ്, പയർ, വേണ്ട, അവരാ, പു ചെടി എന്നിവ കാണാൻ കഴിഞ്ഞു

**13.**പ്രവൃത്തിയുടെ **പേര് : വെളളട പാവൊടീ പാടാശേഖരം ഓമന എന്നിവരുടെ**

**ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF/364364**

**എസ്റ്റിമേറ്റ് തുക** **12000**

ചിലവായ തുക 7825

പ്രവർത്തി ആരംഭിച്ച തീയതി 12/11/2018

പൂർത്തീകരിച്ച തീയതി 18/11/2018

തൊഴിൽ ദിനങ്ങൾ **23**

**Mbook മേഷർമ്സ് : 750 metre squar@ 4.55.00metre square, 28.65metre cube@ 105.68/metre cube**

**ഈ ഭൂമിയിൽ ഫയൽ രേഖ പെടുത്തിയ പ്രകാരം ജൈവ വേലി നീർമിച്ച തായി കണ്ടു. വേലി പൂർണമായും ജൈവം എന്നെ പറയാൻ സാധിക്കില്ല, കാരണം അതിൽ സീമകൊന്ന യാണ് കുടുതലും ഉപയോഗിച്ചിരികുന്നതെ. വേസ്റ്റ് കുഴി ചപ്പ് കത്തിക്കവനായി ഉപയോഗിക്കുന്ന തായി ഉടമ പറഞ്ഞു. മഴ കുഴി നശിച്ചു. മറ്റു കുഴി ഇൽ വാഴ വെച്ചു. ഏരിയ കളിൽ ചേന, മഞ്ഞൾ, പുള്ളതെറി എന്നിവ വെച്ചിട്ടുണ്ട്.**

**14.**പ്രവൃത്തിയുടെ പേര് **വെള്ളട പാവൊടീ പാടാശേഖരം മോഹനൻ എന്നിവരുടെ ഭൂമിയിൽ ജല സംരക്ഷണം If / 364362**

**എസ്റ്റിമേറ്റ് തുക** **12000**

ചിലവായ തുക : 11400

പ്രവർത്തി ആരംഭിച്ച തീയതി 2/11/18

പൂർത്തീകരിച്ച തീയതി 11/11/18

തൊഴിൽ ദിനങ്ങൾ **33**

**Mbook മേഷർമ്സ് : 900 metre square @ 4.55 metre square, 46.50 metre cube@105.69 metre cube**

ഫീൽഡിൽ വിസിറ്റ് നടത്തിയപ്പോൾ ഏരിയ കളിൽ കൃത്യമായി മഞ്ഞൾ, പയർ, വേണ്ട എന്നിവ കണ്ടു. കുഴി നീർമിച്ചത് പ്രളയം മൂലം നശിച്ചു. കുഴി കൾ ഒന്നും കാര്യമായി കാണാൻ കയിഞ്ഞല്ല.

## 11.CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്..ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്. ഓരോ

പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ് ,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്. നിർമ്മാണച്ചെലവ് വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. സിഐബി അടങ്ങുന്ന ഒരു ഫോട്ടോ വർക്ക് ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.–

പരിശോധനയ്ക്ക് വിധേയമായ തൊഴിൽ ഇടങ്ങളിൽ ഒരിടത്തും CIB കാണാൻ സാധിച്ചില്ല.

### 12.റോസ്ഗാർദിനം

തൊഴിൽആവശ്യകതകൃത്യമായിരജിസ്റ്റർചെയ്യുന്നതിനുംതൊഴിലാളികളുടെഅർഹതകളുംഅവകാശങ്ങളും അവരെബോധ്യപ്പെടുത്തുന്നതിനുംപദ്ധതികൾപരിഹരിക്കുന്നതിനുമായിറോസ്ഗാർദിനംസംഘടിപ്പിക്കേണ്ടതാണ്.റോസ്ഗാർദിനംആചരിക്കുന്നതിനുമുൻപായിവിവരവിദ്യാഭ്യാസവ്യാപനപ്രവർത്തനങ്ങൾസംഘടിപ്പിക്കുന്നുണ്ട്എന്ന്ജില്ലാപ്രോഗ്രാംകോഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്.റോസ്ഗാർകലണ്ടർസംബന്ധിച്ച്ഗ്രാമപഞ്ചായത്തുകളെപ്രത്യേകമായിബോധവൽക്കരിക്കേണ്ടതാണ്.റോസ്ഗാർദിനംസംഘടിപ്പിക്കുന്നതിൻറെചുമതലകളുംഉത്തരവാദിത്വങ്ങളുംസംസ്ഥാനസർക്കാർജില്ലാപ്രോഗ്രാംകോഡിനേറ്റർരൂപീകരിച്ചിട്ടുള്ളപ്രതിമാസപട്ടികഅനുസരിച്ച്തന്നെറോസ്ഗാർദിനംസംഘടിപ്പിക്കുന്നുഎന്ന്ജില്ലാപ്രോഗ്രാംകോർഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്. ഈപട്ടികഗ്രാമവികസനമന്ത്രാലയവുമായുംപൊതുജനങ്ങളുമായുംപങ്കുവെക്കേണ്ടതുംഒരുമാസത്തിലൊരിക്കൽഗ്രാമപഞ്ചായത്ത്തലത്തിൽസംഘടിപ്പിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത്പ്രസിഡൻറ്നിയോഗിക്കപ്പെട്ടഗ്രാമപഞ്ചായത്തിലെഭാരവാഹിദിനാചരണത്തിൽഅധ്യക്ഷതവഹിക്കേണ്ടതാണ്.ഇത്നടത്തുന്നതിനുംനടപടിക്രമങ്ങൾരേഖപ്പെടുത്തുന്നതിനുള്ളസ്വയംസഹായസംഘങ്ങളുടെഫെഡറേഷൻഅംഗങ്ങൾഎന്നിവർക്കാണ്.

റോസ്ഗാർദിനംആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ളദിവസംനടത്തുന്നതിനായിഉദ്യോഗസ്ഥരെനിയോഗിക്കേണ്ടതാണ്.ഈയോഗത്തിൽമിനിറ്റ്സ്പൊതുജനങ്ങൾക്ക്പരിശോധിക്കുന്നതിനുംസോഷ്യൽഓഡിറ്റിനുംലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാനസർക്കാർദിനംസംഘടിപ്പിക്കുന്നത്സംബന്ധിച്ചറിപ്പോർട്ടുകൾശേഖരിക്കുന്നതാണ്. സംസ്ഥാനസർക്കാർതൊഴിൽആവശ്യകതസംബന്ധിച്ച്ജില്ലാതലറിപ്പോർട്ടുകൾപതിവായിഅവലോകനംചെയ്യേണ്ടതാണ്

## 13.വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി

ഓരോ ഗ്രാമപഞ്ചായത്തിലും അഞ്ച് അംഗങ്ങളുള്ള ജാഗ്രത മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകേണ്ടതും പകുതി പേർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്. അദ്ധ്യാപകർ അംഗനവാടി വർക്കർ സ്വയം സഹായ സംഘത്തിലെ അംഗങ്ങൾ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ ഉപഭോക്തൃ സമിതികൾ യുവജന ക്ലബ്ബുകൾ പൊതു സമൂഹ സംഘടനകൾ തുടങ്ങിയവരിൽ നിന്നും VMC അംഗങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ് ഏറ്റവും കുറഞ്ഞ കാലയളവിലേക്ക് VMC യെ നിയമിക്കേണ്ടത് ഗ്രാമസഭയാണ്. പ്രവർത്തി സ്ഥല സന്ദർശനം തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ ,രേഖകളുടെ പരിശോധന ,പ്രവർത്തി സ്ഥല സൗകര്യങ്ങളുടെ പരിശോധന ,പ്രവർത്തികളുടെ ഗുണനിലവാരം നിർണയിക്കൽ, തുക നിർണയം പ്രവർത്തിയിൽ ഉടനീളമുള്ള റിപ്പോർട്ടിംഗ് പ്രവർത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഗുണപരമായ വിലയിരുത്തൽ എന്നിവയാണ് പ്രധാന ചുമതല. VMC എല്ലാ പ്രവർത്തികളും പരിശോധിക്കേണ്ടതും മൂല്യ നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് സമയത്ത് അവ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ് VMC റിപ്പോർട്ട് ഒരു പൊതു രേഖയായി കരുതേണ്ടതും ആവശ്യപ്പെടുന്നതിനനുസരിച്ച് ഒരു പൊതു രേഖയായി പഞ്ചായത്ത് നിന്നും ലഭിക്കേണ്ടതുമാണ്.

| Sn | Name | Designation |
|---|---|---|
| 1 | | |

| | | |
|---|---|---|
| 2 | | |
| 3 | | |
| 4 | | |
| 5 | | |

വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയിൽ നിയമ പ്രകാരം 5 അംഗങ്ങൾ വേണം, പക്ഷെ ഫയലിൽ 2 പേരുടെ പേരും , ഒപ്പും . മാത്രമേ കാണാൻ സാധിച്ചുള്ളൂ. കുറിപ്പുകൾ ഒന്നും കണ്ടില്ല

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീരുമാനങ്ങൾ

1) ഫോട്ടോ പതിപ്പിച്ച തൊഴിൽ കാർഡ് സൗജന്യമായി നൽകണമെന്ന് ഭരണസമിതിയുടെ അംഗീകാരം വേണമെന്നും തീരുമാനമായി.
2) 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചിട്ടില്ലെങ്കിൽ തൊഴിലില്ലാ വേതനത്തിന് അപേക്ഷിക്കാൻ ഫ്രണ്ട് ഓഫീസ് വഴിയുള്ള നിർദ്ദേശം.
3) തൊഴിലില്ലാ വേതനത്തിന് ഉള്ള അപേക്ഷ മേറ്റ് വഴിയാക്കാൻ തീരുമാനമായി.
4) വേതനം വൈകുന്നതിന് അപേക്ഷ ഫ്രണ്ട് ഓഫീസ് വഴി നൽകാൻ തീരുമാനമായി തീരുമാനമായി.
5) തൊഴിലാളികളുടെ പരാതികൾ പരാതി രജിസ്റ്റർ രേഖപ്പെടുത്തുവാൻ തീരുമാനമായി.
6) വിഎംസി അംഗങ്ങളെ പുനഃസംഘടിപ്പിക്കാൻ തീരുമാനമായി
7) ഫയലുകളിൽ ആക്ഷൻ പ്ലാൻറ് കോപ്പി ഉൾപ്പെടുത്തുവാൻ തീരുമാനമായി.
8) സുരക്ഷാ ഉപകരണങ്ങളായ കൈയുറ കളും കാൽ ഉറകളും തുടങ്ങിയവ ലഭ്യമാകാൻ തീരുമാനമായി
9) ബാങ്ക് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരാതി നൽകുവാൻ തീരുമാനമായി.
10) തൊഴിലാളികളെ കൊണ്ട് അധിക ജോലി ചെയ്യിപ്പിക്കുന്നു എന്നുള്ള പരാതി പരിഹരിക്കുവാൻ തീരുമാനമായി.
11) എസ് എ യുവും, പഞ്ചായത്തും കൂട്ടായി പ്രവർത്തിച്ച ആക്ഷൻ പ്ലാനിന് വേണ്ട തൊഴിൽ കണ്ടെത്താൻ തീരുമാനമായി.

പൊതു നിർദ്ദേശങ്ങളും ഗ്രാമ സഭയിൽ അവതരിപ്പിച്ചു.

നിർദ്ദേശങ്ങൾ

- തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾ ഇപ്പോൾ ചെയ്യുന്ന ജോലി വളരെ കൂടുതൽ ആണ് എന്ന് തൊഴിലാളികളും NREGS ഉദയോഗസ്ഥരും അഭിപ്രായപ്പെട്ടു. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു sq m കാട് വെട്ടി മാറ്റാൻ 2.05, 4.55 രൂപയും.1 ക്യൂബിക് മീറ്റർ മണ്ണ് മാറ്റിയാൽ ഏകദേശം 90 രൂപയും മാത്രം ആണ് ലഭിക്കുന്നത്. ഇത് PWD നൽകുന്നതിനേക്കാൾ വളരെ അധികം കുറവാണ്. അത് പോലെ തന്നെ 60 വയസിനു മേലെ പ്രായം ആയവരാണ് തൊഴിൽ ഉറപ്പ് പണി കൂടുതൽ ആയി ചെയുന്നത്. അവർക്ക് ഈ അളവിൽ പണി എടുക്കാൻ സാങ്കേതികം ആയി സാധിക്കുകയില്ല. അതിനാൽ തൊഴിൽ ഉറപ്പ് പണിയിലെ മേൽ പറഞ്ഞ അളവ് പുനപരിശോധിക്കുകയും വേണ്ട മാറ്റം കൊണ്ടു വരണം എന്നും തൊഴിലാളികളും NREGS ഉദ്യോഗസ്ഥരും നിർദ്ദേശിച്ചു.
- ഒരു തൊഴിൽ കാർഡിൽ 100 തൊഴിൽ ദിനങ്ങൾ എന്നതിന് പകരം ഒരു വ്യക്തിക്ക് 100 തൊഴിൽ ദിനങ്ങൾ എന്ന നിർദ്ദേശവും ഗ്രാമസഭയിൽ നിന്ന് ഉണ്ടായി.
- തൊഴിലുറപ്പുപദ്ധതിഇനിയുംവിജയകരമായിമുന്നോട്ട്കൊണ്ടുപോകുന്നതിന്ഉദ്യോഗസ്ഥതലത്തിലും

ഭരണതലത്തിലുംഒരുപോലെമാനദണ്ഡങ്ങൾക്കനുസൃതമായിപ്രവർത്തികൾനടപ്പിലാക്കേണ്ടതുണ്ട്. ത്തൊഴിലാളികളുംമെയ്റ്റ്മാരുംതൊഴിലുറപ്പുപദ്ധതിയിൽപ്രവർത്തിക്കുന്നസ്റ്റാഫുകളുംഅവരുടെനിയമംഅനുശാസിക്കുന്നകൃത്യമായനിർദ്ദേശങ്ങൾപാലിക്കേണ്ടതുണ്ട്.ഇത്തരത്തിലുള്ളകുറച്ചുനിർദ്ദേശങ്ങൾഅനുബന്ധമായിചേർത്തിട്ടുണ്ട്. (അനുബന്ധംകാണുക)

- .ഷെഡ്യൂൾ 1ലെപാര4ൽ അനുബന്ധ പാര 2 അനുസരിച് 60 ശതമാനംപ്രവർത്തികൾആസ്തിവർദ്ധിപ്പിക്കുന്നതുംകാര്ഷികാനുബന്ധപ്രവൃത്തികൾആയിരിക്കാൻ ശ്രദ്ധിക്കണം .
  എന്നാൽഇപ്പോളത്തെസാഹചര്യത്തിൽകൂടുതൽഭൂവികസനപ്രവർത്തികളുംആസ്തിവര്ധിപ്പിക്കുന്നതായോകൃഷിമെച്ചപ്പെടുത്തുന്നതായോകാണുന്നില്
  . ...
  ആടലോടകം,വാതംകൊല്ലി,എരുക്ക്,ആര്യവേപ്പ്,തുടങ്ങിയഔഷധികൾജൈവവേലിക്കുഉപയോഗിക്കുന്നത്ഔഷധസസ്യപരിപാലനത്തിനുംലഭ്യതക്കുംസഹായകമാകും. (അനുബന്ധംകാണുക)
- . എല്ലാ ഗുണഭോക്താക്കളും തൊഴിൽ കാർഡ് ഉള്ളവരാണെന്ന് ഉറപ്പുവരുത്തണം.
- തൊഴിൽ സ്ഥലതെ ഫസ്റ്റ്എയ്ഡ്സ് ബോക്സ് നീർബദ്ധമായും വേണം എന്ന് നിർദേശിച്ചു.
- ഡിമാൻഡ് ഫോം nregs ഓഫീസിൽ സ്വീകരിക്കാതെ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കണം.
- ഫയലിൽ എല്ലാ രേഖകളും അറ്റാച്ച് ചെയ്തിരിക്കണം.
- അവകാശഅധിഷ്ഠിതമായനിയമപരിരക്ഷയോട്കൂടിയപദ്ധതിഒട്ടേറെജനങ്ങൾക്ക്ഗുണപ്രദമാകുന്നു

## ഉപസംഗ്രഹം

ഇനിപ്രവർത്തികൾതിരഞ്ഞെടുക്കുമ്പോൾഅതീവജാഗ്രതപുലർത്തേണ്ടതുണ്ട്.
ഭൂമിയെപുനരുജ്ജീവിപ്പിക്കുന്നതിനുംഅതുവഴിസുസ്ഥിരവികസനംസാധ്യമാകുന്നതിനുംലക്ഷ്യംവെച്ചിട്ടുള്ളതൊഴിലുറപ്പുപദ്ധതിയുടെപ്ലാനിംഗ്ഘട്ടത്തിപ്പ്എന്നിവസാമൂഹികപാരിസ്ഥികമാനദണ്ഡങ്ങൾപാലിച്കൊണ്ട്ശാസ്ത്രീയമായിത്തന്നെനടപ്പിലാക്കേണ്ടതുണ്ട്.
എങ്ങനെയെങ്കിലുംപ്രവർത്തികൾനടപ്പിലാക്കിചെലവ്കൂട്ടുകഎന്നുംതൊഴിലാളികൾക്കൊഴിൽദിനങ്ങൾകൂട്ടുകഎന്നുംമാത്രമാവരുത്നിലപാടുകൾ.
വ്യക്തമായകാഴ്ചപ്പാടില്ലാതെഅശാസ്ത്രീയമായരീതിയിൽപ്രവർത്തികൾതെരെഞ്ഞെടുക്കുന്നതുംചെയ്യുന്നതും
,
കാലാനുസൃതമല്ലാത്തപ്രവർത്തികൾചെയ്യുന്നതുംഇതിന്റെയഥാർത്ഥലക്ഷ്യത്തെകളങ്കപ്പെടുത്തുന്നതായിവിഷമത്തോടെനോക്കിനിൽക്കേണ്ടിവരുന്നത്ആശങ്കാജനകമാണ്
ഈസാമൂഹികപരിശോധനഒരുഉയിർത്തെഴുന്നേൽപ്പിനുസാധ്യമാകുമെന്നപ്രത്യാശയോടെഈറിപ്പോർട്ട്സമർപ്പിക്കുന്നു.

<u>സോഷ്യൽ ഓഡിറ്റ് പ്രവർത്തന ങ്ങളിൽ പങ്കാളികൾ ആയവർ</u>

- **വാർഡ് മെമ്പർ**
- **പഞ്ചായത്ത് ഉദ്യോഗസ്ഥർ**
- **തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ**
- **വാർഡിലെ തൊഴിലാളികൾ**
- **മേറ്റ് മാർ**
- **കുടുംബശ്രീ പ്രവർത്തകർ**

അനുബന്ധം- 1-

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ :**

**വിഭാഗം എ**-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനാവശ്യമായ അടിയണകൾ,മൺ തടയണകൾ, ചെക്ക് ഡാമുകൾ,തുടങ്ങിയവ
- നീർത്തടത്തിന്റെ സമഗ്ര പരിപാലനതിനുതകുന്ന കൊണ്ടൂർ ബണ്ടുകൾ,ഭൂമി തട്ടുതിരിക്കൽ,ഗ്യാബിയോൺ നിര്മിതികൾ

**വിഭാഗം ബി-**ഖണ്ഡിക അഞ്ചിൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുവാനുള്ള പ്രവൃത്തികൾ. (ബി പി എൽ ,പട്ടിക ജാതി, പട്ടികവർഗ്ഗം, വിധവകൾ, ഭിന്നശേഷിക്കാർ, ഐഎവൈ ഗുണഭോക്താക്കൾ.)

- ഇവരുടെ ഭൂമിയിൽ ഉൽപ്പാദന ക്ഷമത വര്ധിപ്പിക്കുന്നതിനാവശ്യമായ ഭൂവികസനവും ,കുളം ,കിണർ തുടങ്ങിയ ജല ലഭ്യതയ്ക്ക് ആവശ്യമായ പ്രവൃത്തികൾ.
- പഴവർഗ്ഗങ്ങൾ,പട്ടുനൂൽ,തോട്ടവിളകൾ തുടങ്ങിയവയുടെ കൃഷിപ്രവൃതികൾ.
- മൃഗ പരിപാലനവുമായി ബന്ധപ്പെട്ടു കന്നുകാലി തൊഴുത്തുകൾ,ആട്ടിന്കൂട് ,കോഴിക്കൂട്,പന്നിക്കൂട് തുടങ്ങിയ വ്യക്തിഗത ആസ്ഥികൾ.
- സർക്കാർ ഭവന നിർമാണ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക് അവിദഗ്ദ കായിക തൊഴിൽ.
- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു അടിസ്ഥാന സൌകര്യങ്ങളായ മൽസ്യം ഉണക്കു കേന്ദ്രങ്ങൾ,സൂക്ഷിപ്പ് കേന്ദ്രങ്ങൾ മല്സ്യക്രൃഷിക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.

**വിഭാഗം സി**- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യ വികസനം.

- സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കാവശ്യമായ വർക്ക് ഷെഡ് നിർമാണം.
- കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം.
- ജൈവ വള നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ.

**വിഭാഗം ഡി**-ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികൾ.

- മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- അങ്കണവാടി സ്കൂൾ തുടങ്ങിയവയ്ക്ക് കക്കൂസ് നിർമ്മാണം.
- ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും,ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകൾ, ഓടകൾ, കല്ലുങ്കുകൾ,നടപ്പാതകൾ .
- പൊതു കളിസ്ഥലങ്ങൾ
- വെള്ളപ്പൊക്കം, വരൾച്ചാ നിയന്ത്രണ പ്രവൃത്തികൾ.
- ഗ്രാമ പഞ്ചായത്തുകൾ,വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേ ഷനുകൾ, ഗ്രാമീണ ചന്തകൾ,അങ്കണവാടികൾ, പ്രകൃതി ക്ഷോഭ ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണം.
- തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കാ വശ്യമായ നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം.
- തൊഴിലുറപ്പ്പ്രകാരം സൃഷ്ട്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവ.

അനുബന്ധം: **വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ.**

**മേറ്റ് മാരുടെ ചുമതലകൾ.**

പ്രവൃത്തി സ്ഥലങ്ങളിൽ പ്രവൃത്തിയുടെ മേൽനോട്ടം.

- തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.
- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തുക.
- മേറ്റ്മാരുടെ പരിശീലനങ്ങളിൽ പങ്കെടുക്കുക. അറിവുകൾ തൊഴിലാളിക

ളുമായി പങ്കുവെക്കുക

- പ്രവൃത്തി ഇടങ്ങളിൽ ആവശ്യ മായ സൌകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തുക
- സൈറ്റ് ഡയറിയിൽ മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം
- തൊഴിലാളികൾക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക
- പുതിയ തൊഴിൽ ഇടങ്ങൾ കണ്ടെത്തുവാനും പുതിയ തൊഴിൽ ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .
- കൃത്യമായി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.
- മറ്റു തൊഴിലാളികൾക്ക് കൂടി മേറ്റ് ന്‌റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക
- തൊഴിലാളികളുമായി നിരന്തര സമ്പർക്കം പുലർത്തുകയും കൂടുതൽ ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

**ഓവർസീയർ /എഞ്ചിനീയർ**

- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ.
- പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികൾക്ക് പറഞ്ഞു കൊടുക്കുക.
- പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി കൂലിനൽകുന്നതി നാവശ്യമായ നടപടികൾ ചെയ്യുക.

**പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്റ് സെക്രട്ടറി**

- പദ്ധതിയുടെ മേൽനോട്ടം.
- ബില്ലുകൾ അംഗീകരിക്കൽ.
- തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടിൽ എത്തിയെന്നത് ഉറപ്പു വരുത്തൽ.
- മസ്റ്റർ റോള് സാക്ഷ്യപ്പെടുത്തി തൊഴിൽ അനുമതി നൽകുക,

**തൊഴിലാളികളുടെ കടമകൾ.**

- തൊഴിലിടങ്ങളിൽ സമയകൃത്യത പാലിക്കുക.
- പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എന്നിവയിൽ പങ്കെടുക്കുക.
- ഏൽപ്പിക്കുന്ന ജോലികൾ കൃത്യതയോടെ പൂർത്തീകരിക്കുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുമ്പും ശേഷവും മസ്റ്റർ റോളിൽ ഒപ്പുകൾ രേഖപ്പെടുത്തുക

..........................................................................................................................

**അധ്യക്ഷ** **ബ്ലോക്ക് റിസോഴ്സ് പേഴ്സണ്** **ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സണ്**